# Athmaraksha.org

സന്ദേശം : അഭിഷിക്തർ, സമർപ്പിതർ, മിഷനറികൾ

## സമർപ്പിത ജീവിതം ക്രിസ്തുവിനെ കണ്ടുമുട്ടലാണ്- പാപ്പാ



ആഗോളസമർപ്പിതദിനമായിരുന്ന ഫെബ്രുവരി 2 ഞായറാഴ്ച സെന്റ് പീറ്റേഴ്സ് ബസിലക്കായിലെ കുർബാനപ്രസംഗത്തിലാണ് പാപ്പാ സമർപ്പിതജീവിതത്തെ ക്രിസ്തുവിനെ കണ്ടുമുട്ടലായി നിർവ്വചിച്ചത്. ഓരോ സമർപ്പിതവ്യക്തിയും ദൈവജനത്തിന് ദൈവം തരുന്ന ഓരോ സമ്മാനമാണെന്ന് പാപ്പാ കർത്താവിന്റെ മാലാഖാ പ്രാർത്ഥനയ്ക്കിടെ പറഞ്ഞു."സമർപ്പിതരുടെ സാന്നിധ്യം പല രംഗങ്ങളിൽ നമുക്കിന്ന് ആവശ്യമായിട്ടാണിരിക്കുന്നത്. സുവിശേഷപ്രചരണത്തിനും, ജീവകാരുണ്യപ്രവർത്തനത്തിനും, യുവാക്കളുടെ വിശ്വാസപരിശീലനത്തിനും, നീതിക്കും സമാധാനത്തിനുംവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കും സമർപ്പിതരെ നമുക്ക് ആവശ്യമുണ്ട്. വ്യത്യസ്തങ്ങളായ ജീവിതസാഹചര്യങ്ങളിലെ ദൈവസാന്നിധ്യത്തിന്റെ അടയാളങ്ങളാണ് സമർപ്പിതരെന്ന് പാപ്പാ പറഞ്ഞു. നീതിയിലും സാഹോദര്യത്തിലും അധിസ്ഥിതമായ സമൂഹം കെട്ടിപ്പടുക്കുന്നതിനുള്ള പുളിമാവാണ് അവർ. ചെറിയവരുടെയും ദരിദ്രരുടെയും ഇടയിലെ പങ്കുവയ്ക്കലിന്റെ പ്രവാചകരാണവർ." 'ചുരുക്കത്തിൽ സമർപ്പിതജീവിതം ദൈവത്തിന്റെ വലിയൊരു സമ്മാനമാണ്. സിസ്റ്റേഴ്സ് ഇല്ലാതെ വന്നാൽ എന്തു സംഭവിക്കും എന്ന് ഓർത്തു നോക്കുക!' പാപ്പാ ചോദിച്ചു.

"ആശുപത്രികളിൽ കന്യാസ്ത്രീകളില്ല; മിഷനിൽ ഇല്ല; സ്കൂളുകളിലും അവരില്ല. ഇത്തരമൊരു സാഹചര്യം നമുക്ക് ചിന്തിക്കാനാവുമോ? ദൈവജനത്തെ മുന്നോട്ട് നയിക്കുന്ന പുളിമാവാണ് സമർപ്പിതർ!" പാപ്പാ പറഞ്ഞു.